H

512

# വാർഷിക മൂല്യനിർണയം 2014–15

മലയാളം

സ്റ്റാൻഡേർഡ് : V | അടിസ്ഥാന പാഠാവലി | സമയം :2 മണിക്കൂർ

**നിർദ്ദേശങ്ങൾ**

1. മൂല്യനിർണയ പ്രവർത്തനത്തിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

---

**പ്രവർത്തനം 1. ഉപന്യാസം**

"മുൾച്ചെടിത്തലപ്പിലും പുഞ്ചിരിവിരിയാറു"
ണ്ടച്ചെറു പൂന്തോപ്പിലെപ്പനിനീരുരയ്ക്കുന്നു
മധുവിൻ മത്താൽപ്പാറി മൂളുന്നു മധുപങ്ങൾ:
"മധുരമിജ്ജീവിതം ചെറുതാണെന്നാകിലും"
പരർതൻ കഷ്ടപ്പാടു പേറുമക്കല്ലത്താണി
പറവൂ മഹത്തത്ത്വം:"പരസേവനം കാര്യം"

ഒളപ്പമണ്ണ

"ഇറുപ്പവന്നും മലർഗന്ധമേകും
വെട്ടുന്നവന്നും തരു ചൂടകറ്റും
ഹനിപ്പവന്നും കിളി പാട്ടുപാടും
പരോപകാര പ്രവണം പ്രപഞ്ചം"

ഉള്ളൂർ

എ). മുകളിൽ കൊടുത്തിട്ടുള്ള രണ്ടു കവിതാഭാഗങ്ങളും പ്രകൃതിയുടെ ഒരു പൊതു സ്വഭാവമല്ലേ കാണിക്കുന്നത്?. ഇതിലെ ആശയങ്ങൾ ഉൾപ്പെടുത്തി ഒരു ഉപന്യാസം തയ്യാറാക്കുക .

ബി). 'എന്റെ വിദ്യാലയം' എന്ന കവിത ഒളപ്പമണ്ണയുടെ ഏത് കവിതാസമാഹരത്തിൽ നിന്നെടുത്തതാണ്?

പ്രവർത്തനം 2. വിശകലനക്കുറിപ്പ്

"എനിക്കൊരു സ്വപ്നമുണ്ട്.അനീതിയാലും അടിച്ചമർത്തലിനാലും തപ്തമായ മിസിസിപ്പിയെന്ന മരു പ്രദേശത്ത് ഒരു നാൾ നീതിയുടേയും സ്വാതന്ത്ര്യത്തിന്റെയും മരുപ്പച്ച പൂക്കുമെന്ന്.

എനിക്കൊരു സ്വപ്നമുണ്ട്.എന്റെ നാലുമക്കളും അവരുടെ തൊലിനിറത്തിനുപകരം സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തപ്പെടുന്ന ഒരു രാഷ്ട്രത്തിൽ ജീവിക്കുന്ന നാൾ വരുമെന്ന് .

എനിക്കൊരു സ്വപ്നമുണ്ട്.അലബാമ സംസ്ഥാനത്തിലെ കറുത്തവർഗ്ഗക്കാരും വെളുത്ത വർഗ്ഗക്കാരുമായ കൊച്ചുപെൺകുട്ടികളും ആൺകുട്ടികളും സഹോദരീസഹോദരന്മാരായി കൈകോർത്ത് നടക്കുന്ന നാൾവരുമെന്ന്" .

മാർട്ടിൻ ലൂഥർ കിംങ് നടത്തിയ പ്രസംഗം വായിച്ചല്ലോ

എ). 'മഴവില്ല് വരയ്ക്കുന്നവർ ' എന്ന പാഠഭാഗത്തെ ആശയവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഒരു വിശകലനക്കുറിപ്പ് തയ്യാറാക്കുക..

ബി). താഴെക്കൊടുത്തിരിക്കുന്നവയിൽ എം ടി വാസുദേവൻ നായരുടെ കൃതി ഏത് ?
(കയർ,ഉമ്മാച്ചു,നാലുകെട്ട്,ജന്മദിനം)

പ്രവർത്തനം 3. കുറിപ്പ്

"ഒരച്ഛനമ്മയ്ക്കു പിറന്നമക്കൾ
ഓർത്താലൊരൊറ്റത്തറവാട്ടുകാർ നാം
നാഥന്റെ മുറ്റത്ത് വിളഞ്ഞിടുന്ന
നൻമുന്തിരിക്കൊത്ത മനുഷ്യവർഗം".

ഉള്ളൂർ

"ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായ് പൊഴിക്കവേ,
ഉദിക്കയാണെന്നാത്മാവിൽ ആയിരം സൗരമണ്ഡലം
ഒരു പുഞ്ചിരി ഞാൻ മറ്റുള്ളവർക്കായ് ചെലവാക്കവേ
ഹൃദയത്തിലുലാവുന്നു നിത്യനിർമല പൗർണമി."

അക്കിത്തം

എ). ഈ രണ്ട് കവിതാഭാഗങ്ങളും 'കണ്ടാലറിയാത്തത്' എന്ന പാഠഭാഗത്തിന്റെ ആശയവവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു. കുറിപ്പ് തയ്യാറാക്കുക.

ബി). ഉചിതമായ ചിഹ്നം ചേർക്കുക.

നീ വല്ലതും കണ്ടോ അച്ഛൻ ചോദിച്ചു



BIO VISION VIDEO BLOG

പ്രവർത്തനം 4 - പോസ്റ്റർ

കേരളത്തിന്റെ സുന്ദരമായ പ്രകൃതിയെക്കുറിച്ച് ധാരാളം കവികൾ വർണിച്ചിട്ടുണ്ട്. എന്നാൽ ഈ സുന്ദര പ്രകൃതിക്ക് നാശം വന്നു തുടങ്ങിയിട്ടുണ്ട്. ഇനി വരുന്ന തലമുറകൾക്ക് കൂടി അവകാശപ്പെട്ടതല്ലേ ഈ ഭൂമി . ഈ പ്രകൃതിയെസംരക്ഷിക്കേണ്ടത് നമ്മുടെ കടമയല്ലേ?

എ). ഈ ആശയം മറ്റുള്ളവരിലേക്ക് എത്തിക്കാൻ വേണ്ട തരത്തിലുള്ള ഒരു പോസ്റ്റർ തയ്യാറാക്കുക.?

ബി). അടിവരയിട്ട പദത്തിന് പകരം പദം എഴുതുക

അൻപിൻ പൂപ്പുഞ്ചിരിപൊട്ടിപ്പോരും
തുമ്പകൾ മാടി വിളിക്കും നാട്ടിൽ
അൻപ് :...................

പ്രവർത്തനം 5 - ആസ്വാദനക്കുറിപ്പ്

കാടെവിടെ മക്കളേ?
മേടെവിടെ മക്കളേ ?
കാട്ടുപുൽത്തകിടിയുടെ
വേരെവിടെ മക്കളേ?
കാട്ടുപൂഞ്ചോലയുടെ
കുളിരെവിടെ മക്കളേ !
കാറ്റുൾപ്പുലർന്ന പൂ-
ങ്കാവെവിടെ മക്കളേ?
കുട്ടിക്കരിംകുയിൽ
കൂവിത്തിമിർക്കുന്ന
കുട്ടനാടൻ പുഞ്ച-
യെവിടെന്റെ മക്കളേ?
പച്ചപ്പനന്തത്ത
പാറിക്കളിക്കുന്ന
പ്ലാവുകൾ മാവുകളു-
മെവിടെന്റെ മക്കളേ?

**(കാടെവിടെ മക്കളേ- അയ്യപ്പപ്പണിക്കർ)**

ഈ കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. (ആശയംഭംഗി, പ്രയോഗ സവിശേഷതകൾ തുടങ്ങിയവ ഉൾപ്പെടുത്തണം).

BIO VISION VIDEO BLOG